# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **805** — 12.12.2012-ൽ മറുപടിക്ക്

## കോഴിക്കോട് താലൂക്കിന് എൻ. ആർ. എച്ച്. എം. ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് താലൂക്കിൽ എൻ. ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് ; വിശദമാക്കുമോ ; | (എ) *പ്രസവ ചികിത്സയും നവജാതശിശുക്കളുടെ ആരോഗ്യ സംരക്ഷണവും ലക്ഷ്യമാക്കിക്കൊണ്ട് താലൂക്കിലെ 5 ആരോഗ്യ സ്ഥാപനങ്ങളിൽ അമ്മയും കുഞ്ഞും പദ്ധതി നടപ്പിലാക്കി വരുന്നു.<br>*സ്കൂൾ വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് കോഴിക്കോട് താലൂക്കിലെ 38 സ്കൂളുകളിൽ 2009 മുതൽ വിദ്യാലയ ആരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നു.<br>*സർക്കാർ ആശുപത്രിയിൽ പ്രസവിക്കുന്ന 19 വയസ് പൂർത്തിയായ അമ്മമാർക്കും പ്രൈവറ്റ് അക്രഡിറ്റഡ് ഹോസ്പിറ്റലുകളിൽ പ്രസവിക്കുന്ന ബി.പി.എൽ അമ്മമാർക്കും ആദ്യത്തെ രണ്ട് സജീവ പ്രസവങ്ങൾക്ക് ജെ.എസ്.വൈ. ആനുകൂല്യം നൽകി വരുന്നു.<br>*സ്ത്രീകളുടേയും കുട്ടികളുടേയും ഹോസ്പിറ്റലിൽ എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇതിനോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എൻ.ആർ.എച്ച്.എം. സ്റ്റേറ്റ് ഓഫീസ് മുഖേനയാണ് നടത്തുന്നത്. 6 ഗവൺമെന്റ് മെഡിക്കൽ ലബോറട്ടറികൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.<br>*കെ.എ.എസ്.എച്ച് (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽ) ആദ്യ ഘട്ടത്തിൽ മൂന്ന് സ്ഥാപനങ്ങളിലാണ് നടപ്പിലാക്കുന്നത് (താമരശ്ശേരി, മുക്കം തിരുവമ്പാടി). സെക്കന്ററി & ടെർഷിയറി ഹോസ്പിറ്റലായി ഫറൂക്ക് താലൂക്ക് ആശുപത്രി, ഗവൺമെന്റ് ജനറൽ ആശുപത്രി എന്നിവയെ ആണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br>*കോഴിക്കോട് താലൂക്കിലെ 26 പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ഓരോ പദ്ധതിയുടേയും വിശദാംശവും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ ? | (ബി) ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Activities | Fund Utilized (Rs) |
|---|---|---|
| 1 | RCH Camps | 494790 |
| 2 | Janani Suraksha Yojana (JSY) | 39357002 |
| 3 | Janani Shishu Suraksha Karyakram-Mother (JSSK) | 10654676 |
| 4 | Janani Shishu Suraksha Karyakram-Child | 440300 |
| 5 | compensation for Male/Female Sterilization | 8819953 |
| 6 | IUD Services at Health facilities | 77690 |
| 7 | School Health Programme | 340062 |
| 8 | Management of Diahorrea (ORT Corners) | 5000 |
| 9 | Tribal camp | 24000 |
| 10 | Adolescent Friendly Health Clinic | 46000 |
| 11 | Intervention on geriatric | 5000 |
| 12 | Subcentre rent | 83000 |
| 13 | Untied fund CHC/PHC | 2225497 |
| 14 | Untied fund-Subcentre | 3358651 |
| 15 | Ward Health Sanitation Committee (WHSC) | 15723004 |
| 16 | Annual Maintenance Grant-CHC/PHC | [illegible]586022 |
| 17 | Annual Maintenance Grant-Subcentre | 61498 |
| 18 | Corpus grant to HMS | 10871590 |
| 19 | NABH Accreditation | 873996 |
| 20 | Health Mela | 572892 |
| 21 | KASH (Kerala Accreditation Standards for Hospitals) | 744594 |
| 22 | Geriatric care | 411142 |
| 23 | Alternate Vaccine Delivery | 400 |
| 24 | ASHA Training | 1438303 |
| 25 | Incentive to ASHAs | 4265925 |
| | TOTAL | 102480987 |